**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2502** **12-02-2024 - ൽ മറുപടിയ്ക്ക്**

**വിദേശമദ്യ ലൈസൻസ് കൈമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിദേശമദ്യ ലൈസൻസ് ക്രമരഹിതമായി കൈമാറ്റം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇതുമൂലം സർക്കാരിന് ഉണ്ടായ വരുമാനനഷ്ടം കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ബാധകമല്ല. |
| (സി) | കേരള എക്സൈസ് മാന്വൽ വാല്യം II അദ്ധ്യായം 19-ലെ ഖണ്ഡിക 18 പ്രകാരം ലൈസൻസുകൾ കൈമാറ്റം ചെയ്യാൻ പാടില്ല എന്ന ചട്ടം ലംഘിക്കുന്നവർക്കെതിരെ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (സി) | എക്സൈസ് മാന്വൽ എന്നത് എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ ചുമതലകൾ നിർവഹിക്കുന്നതിന് മാർഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്. വിദേശമദ്യ ലൈസൻസുകൾ കൈമാറ്റം ചെയ്യുന്നത് എക്സൈസ് മാന്വൽ പ്രകാരമല്ല.വിദേശമദ്യ ചട്ടം 19-ലെ വ്യവസാഥകൾ അനുസരിച്ചാണ് വിദേശമദ്യ ലൈസൻസുകൾ കൈമാറ്റം ചെയ്യുന്നതിനുള്ള അനുമതിനൽകുന്നത്. നിലവിലെ നിയമങ്ങളും ചട്ടങ്ങളും പ്രകാരം എക്സൈസ് കമ്മീഷറുടെ അനുമതി കൂടാതെ വിദേശമദ്യ ലൈസൻസുകൾ കൈമാറ്റം ചെയ്യാൻ സാധ്യമല്ല എന്നാതിനാൽ സംസ്ഥാനത്ത് വിദേശമദ്യ ലൈസൻസ് ക്രമരഹിതമായി കൈമാറ്റം ചെയ്യപ്പെടുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നില്ല. എന്നാൽ വിദേശമദ്യ ലൈസൻസുകൾ അനുവദിച്ചിട്ടുള്ള പാർട്ണർഷിപ്പ്/ഡയറക്ടർ ബോർഡ് എന്നിവയിൽ എക്സൈസ് കമ്മീഷണറുടെ അനുമതി കൂടാതെ പുന:സംഘടനകൾ നടത്തിയതായി കാണുന്ന ലൈസൻസികൾക്ക് നോട്ടീസ് നൽകിയ ശേഷം പ്രസ്തുത ലൈസൻസികളിൽ നിന്നും അപേക്ഷ ലഭ്യമാക്കി അബ്കാരി നിയമം 67(2) പ്രകാരമുള്ള പിഴയും വിദേശമദ്യ ചട്ടം19(iii) പ്രകാരമുള്ള ഫീസും ഈടാക്കി പ്രസ്തുത |

| | | | |
|---|---|---|---|
| | | | പുന:സംഘടനകൾ ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഇത്തരം പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ഡി) | എക്സൈസ് മാന്വൽ എന്നത് എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ ചുമതലകൾ നിർവഹിക്കുന്നതിന് മാർഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്. വിദേശമദ്യ ലൈസൻസുകൾ കൈമാറ്റം ചെയ്യുന്നത് എക്സൈസ് മാന്വൽ പ്രകാരമല്ല.വിദേശമദ്യ ചട്ടം 19-ലെ വ്യവസാഥകൾ അനുസരിച്ചാണ് വിദേശമദ്യ ലൈസൻസുകൾ കൈമാറ്റം ചെയ്യുന്നതിനുള്ള അനുമതിനൽകുന്നത്. നിലവിലെ നിയമങ്ങളും ചട്ടങ്ങളും പ്രകാരം എക്സൈസ് കമ്മീഷറുടെ അനുമതി കൂടാതെ വിദേശമദ്യ ലൈസൻസുകൾ കൈമാറ്റം ചെയ്യാൻ സാധ്യമല്ല എന്നാതിനാൽ സംസ്ഥാനത്ത് വിദേശമദ്യ ലൈസൻസ് ക്രമരഹിതമായി കൈമാറ്റം ചെയ്യപ്പെടുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നില്ല. എന്നാൽ വിദേശമദ്യ ലൈസൻസുകൾ അനുവദിച്ചിട്ടുള്ള പാർട്ണർഷിപ്പ്/ഡയറക്ടർ ബോർഡ് എന്നിവയിൽ എക്സൈസ് കമ്മീഷണറുടെ അനുമതി കൂടാതെ പുന:സംഘടനകൾ നടത്തിയതായി കാണുന്ന ലൈസൻസികൾക്ക് നോട്ടീസ് നൽകിയ ശേഷം പ്രസ്തുത ലൈസൻസികളിൽ നിന്നും അപേക്ഷ ലഭ്യമാക്കി അബ്കാരി നിയമം 67(2) പ്രകാരമുള്ള പിഴയും വിദേശമദ്യ ചട്ടം19(iii) പ്രകാരമുള്ള ഫീസും ഈടാക്കി പ്രസ്തുത പുന:സംഘടനകൾ ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ